**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1301** | **14-03-2022 - ൽ മറുപടിയ്ക്ക്**

**ഭൂമിയില്ലാത്ത സ്കൂളുകൾക്ക് ഭൂമി വാങ്ങൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി ഭൂമിയില്ലാത്ത എൽ.പി,യു.പി. സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കഴിഞ്ഞ സർക്കാർ എന്തെങ്കിലും നിർദ്ദേശം സ്കൂളുകൾക്ക് നൽകിയിരുന്നോ; | (എ) | ഇല്ല. |
| (ബി) | സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്; പ്രസ്തുത സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 105 സർക്കാർ സ്കൂളുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നത്. സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലം അപര്യാപ്തമാ യതോ ആയ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കു മെന്ന് 2019-ൽ കേരള ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ തുടർനടപടികൾ പരിശോധിക്കുന്നതാണ്. |
| (സി) | ഭൂമി വാങ്ങിക്കുന്നതിന് ഫണ്ട് ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | നാളിതുവരെ 109 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ